# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.359 — 28.05.2019 ൽ മറുപടിയ്ക്ക്

## റംസാൻ കാലയളവിലെ പൊതുവിപണി

ചോദ്യം
ശ്രീ.വി. അബ്ദുറഹിമാൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റംസാൻ കാലയളവിൽ അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | റംസാൻ കാലയളവിൽ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 27/05/2019 മുതൽ 04/06/2019 വരെ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രത്യേക ജില്ലാ ഫെയറുകളും തെരഞ്ഞെടുക്കപ്പെട്ട 92 വിൽപ്പനശാലകളോട് ചേർത്ത് റംസാൻ ഫെയറുകളും സപ്ലൈകോ മുഖേന നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയിലൂടെ പൊതുവിപണി യിലേതിനേക്കാൾ 60 ശതമാനം വരെ വിലക്കുറവിൽ സബ്സിഡി സാധനങ്ങളും 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ മറ്റ് ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ മൂലം പൊതുവിപണിയിലുണ്ടാകുന്ന അമിതമായ വിലക്കയറ്റം സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സബ്സിഡി / സബ്സിഡി ഇതര സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ വിൽപ്പന നടത്തിയും ഉത്സവ വേളകളിൽ പ്രത്യേക മേളകൾ സംഘടിപ്പിച്ചും സപ്ലൈകോ മുഖേന വിപണിയിൽ ഇടപെട്ട് പ്രവർത്തിക്കുന്നു. വിലക്കുറവിന്റെ പ്രയോജനം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി കൂടുതൽ വിൽപ്പനശാലകൾ തുറക്കുകയും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. നിത്യോപയോഗ ഭക്ഷ്യ ധാന്യങ്ങൾക്ക് പുറമെ, ഗൃഹോപകരണങ്ങൾ ശരാശരി 40% വരെ വിലക്കുറവിലും കുടിവെള്ളം ലിറ്ററിന് 11/- രൂപ മാത്രം ഈടാക്കിയും സപ്ലൈകോ വിൽപ്പന നടത്തുന്നു. |

| | | | |
|---|---|---|---|
| (സി) | റംസാൻ നാളുകളിൽ റേഷൻ കടകളിലും മറ്റ് സപ്ലൈകോ സ്ഥാപനങ്ങളിലും കൂടുതൽ ഭക്ഷ്യ സാധനങ്ങളും മറ്റും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | റംസാൻ നാളുകളിൽ അവശ്യ നിത്യോപയോഗ സാധനങ്ങളും കൂടുതൽ ഭക്ഷ്യ വസ്തുക്കളും റേഷൻ കടകളിലും മറ്റ് സപ്ലൈകോ വിൽപ്പനശാലകളിലും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി ഇ-ടെൻഡർ, ഇ-ലേലം രീതികൾക്ക് പുറമേ നാഫെഡ് മുതലായ സർക്കാർ ഏജൻസികളിൽ നിന്നും പർച്ചേസ് നടത്തി പൊതുജനങ്ങൾക്ക് വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ